**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5241 | 31.10.2016 ൽ മറുപടിക്ക്

## എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.സ്വരാജ്**<br>**,, കെ.സുരേഷ് കുറുപ്പ്**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.ആർ.രാജേഷ്** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നുവെന്ന് വ്യക്തമാക്കാമോ? | ഇ-ഗവേണൻസ് പദ്ധതികൾ ഡിജിറ്റൽ കേരള ഉദ്യമത്തിന് കീഴിൽ ഉൾപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, വിഡിയോ കോൺഫറൻസ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. നോഡൽ ഏജൻസിയായ കേരള ഐ. ടി. മിഷൻ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനാവശ്യമായ കൺസൽട്ടൻസി സേവനങ്ങളും നൽകി വരുന്നു.<br><br>ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥരുടെ ഐ.ടി. പ്രാഗൽഭ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നടത്തി വരുന്നു. കൂടാതെ, സർക്കാർ തലത്തിൽ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം ത്വരിതപ്പെടുത്തുന്നതിനു വേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വെർച്വൽ ഐ.ടി കേഡർ രൂപീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ, വിവിധ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഏകീകൃത എം-ഗവേണൻസ് മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാന ഐടി മിഷൻ വഴി വികസിപ്പിച്ചു വരുന്നു.<br><br>എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നിർവഹണത്തിനായി വകുപ്പുതല |

കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ കീഴിലുള്ള പദ്ധതികൾ, അതാത് വകുപ്പുകൾ തന്നെയാണ് നിർവഹണ നിയന്ത്രണം നടത്തുന്നത്. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനാവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിങ്ങ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**